മെട്രോ വാർത്ത

11 April 2017

# മീനുകളിലെ രാസപദാർഥങ്ങളുടെ ഉപയോഗം തടയും: ഭക്ഷ്യ സുരക്ഷാ കമ്മിഷണർ

കൊച്ചി: മീനുകളിൽ ആരോഗ്യത്തിനു ഹാനികരമായ രാസപദാർഥങ്ങൾ ഉപയോഗിക്കുന്നതു തടയുമെന്ന് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മിഷണർ ഡോ. നവജോത് ഖോസ. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സെന്റ് തെരേസസ് കോളെജിൽ നടന്ന ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. സിഎംഎഫ്ആർഐയിൽ സ്ഥിതി ചെയ്യുന്ന നാഷണൽ അക്കാഡമി ഒഫ് അഗ്രികൾച്ചറൽ സയൻസും (നാസ്) സെന്റ് തെരേസസ് കോളെജിലെ ഫുഡ് പ്രൊസസിങ് ടെക്നോളജി വൊക്കേഷണൽ സ്റ്റഡീസ് വകുപ്പും സംയുക്തമായാണ് സെമിനാർ സംഘടിപ്പിച്ചത്.

വടക്കൻ കേരളത്തിലാണ് ഇതു കൂടുതലായി നടക്കുന്നത്. ഇതു തടയുന്നതിന് ഓപ്പറേഷൻ സാഗർ റാണി എന്ന പേരിൽ നടപടികൾ തുടങ്ങിയിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് റാപ്പിഡ് ഡിറ്റക്ഷൻ കിറ്റുകൾ വികസിപ്പിക്കേണ്ടതുണ്ട്. മത്സ്യ- മാംസ വിപണന കേന്ദ്രങ്ങളും അറവ് ശാലകളും വൃത്തിയായി സൂക്ഷിക്കാൻ തയാറാകണമെന്നും അവർ പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്റ്റർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ഡോ. ശ്രീനിവാസ ഗോപാൽ, ഡോ. കെ.പി. സുധീർ, ഡോ. ജോർജ് ടി. ഉമ്മൻ, ഡോ. എസ്. നസീമ ബീവി, ഡോ. അശോക് കുമാർ, ഡോ. പി.ഐ. ഗീവർഗീസ്, ഡോ. ജെസ്റ്റോ ജോർജ്ജ്, സെന്റ് തെരേസസ് കോളെജ് പ്രിൻസിപ്പൽ ഡോ. സജിമോൾ അഗസ്റ്റിൻ, ഡോ സിസ്റ്റർ വിനീത എന്നിവർ സംസാരിച്ചു.